MINISTRY OF HUMAN EMPOWERMENT - MALANKARA ORTHODOX CHURCH
SYNERGIA
കുടുംബങ്ങൾക്ക്
ഊർജ/ ജലസംരക്ഷണ പാഠം

THE MALANKARA ORTHODOX SYRIAN CHURCH
THE MINISTRY OF HUMAN EMPOWERMENT
( മാനവശാക്തീകരണ ശുശ്രൂഷ )

# വാഹന രഹിത ഞായർ

2017 സഭയുടെ ഊർജ്ജ/ ജല സംരക്ഷണ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ **സിനെർഗിയ** എന്ന പദ്ധതിയുടെ ഭാഗമായി സഭ നടത്തുന്ന ഏറെ പുതുമയുള്ളതും പ്രതീകാത്മകവുമായ ഒരു പ്രത്യേക പരിപാടിയാണ് **വാഹന രഹിത ഞായർ ആചരണം.**

## എപ്പോൾ ?

- **2017 മാർച്ച് 26 ഞായർ**

(ഗൾഫ് മേഖലയിൽ ഇത് മാർച്ച് 24 വെള്ളിയാഴ്ച ആചരിക്കാം)

## എന്തുകൊണ്ട്?

2017 മാർച്ച് 25 വൈകിട്ട് 8.30 pm മുതൽ 9.30 pm വരെ ആഗോളതലത്തിൽ ലൈറ്റുകൾ അണച്ച് ഭൗമമണിക്കൂർ ആചരിക്കുന്നതിന്റെ തുടർച്ചയെന്നോണ മാണ് ഈ പരിപാടി.

- വലിയ നോമ്പിലെ 5-ാം ഞായറാഴ്ച കർത്താവ് കൂനിയെ സൗഖ്യമാക്കിയ സംഭവം ധ്യാനവിഷയമാകുന്നു.
- ശാരീരിക വൈകല്യങ്ങൾ ഉള്ള കൂനിയായ സ്ത്രീ അന്ന് പള്ളിയിൽ എത്തിയത് വളരെ ആയാസപ്പെട്ടാണല്ലോ. ആ ബദ്ധപ്പാടി ലൂടെ അവൾ കർത്താവിനെ കാണുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തു.



## എങ്ങനെ?

1. സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കാതിരിക്കുക.
2. ദൂരത്തുള്ളവർക്ക് പൊതുവാഹന സൗകര്യം (public transport system) ഉപയോഗപ്പെടുത്താം.
3. കാൽനടയായി പള്ളിയിലേക്ക്.
4. യാത്രയ്ക്ക് സൈക്കിളുകൾ ഉപയോഗിക്കാം.
5. രോഗികളേയും വയോവൃദ്ധരേയും ഒഴിവാക്കാം.

## എന്തു പ്രയോജനം?

1. ഊർജ്ജ സംരക്ഷണം
2. ശാരീരിക വ്യായാമത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു
3. പരിസ്ഥിതി സംരക്ഷണത്തിൽ ഒരു ചെറിയ കാൽവയ്പ്പ്
4. വാഹന സൗകര്യമില്ലാതിരുന്ന കാലത്ത് നമ്മുടെ പൂർവ്വികർ ആരാധനയ്ക്കായി പള്ളിയിൽ എത്തിയിരുന്നത് എത്ര ക്ലേശ പൂർണ്ണമായിട്ടായിരുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തൽ.

@st.joseph orphanage press. chry.0481 2410101